# അറിവ്

## യോഹന്നാൻ 17:3

"ഏക സത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യ ജീവൻ ആകുന്നു."

നിശ്ചയമായി അറിയാം എന്ന് ഒന്നിനെക്കുറിച്ചും പറയാൻ നിർവ്വാഹമില്ല. ലോകത്തിന്റെ ഇന്നത്തെ അവസ്ഥക്ക് മാറ്റം വരുമോ എന്നറിയില്ല. സമാധാനത്തോടെ ഈ ലോകത്തിൽ ജീവിക്കുവാൻ മനുഷ്യനെ ഭരിക്കുന്ന ഒരു ഭരണകൂടം ഉണ്ടാകുമോ എന്നറിയില്ല. ഒന്നിനെക്കുറിച്ചും വ്യക്തവും കൃത്യവുമായ അറിവ് ലോകത്തിനില്ല. എന്നാൽ നിശ്ചയമായി മറുപടി പറയാൻ കഴിയുന്ന യാഥാർത്ഥ്യങ്ങൾ ഉണ്ട് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു.

പൗലോസ് എന്ന മഹാ പണ്ഡിതന് പലതിനെക്കുറിച്ചും അറിവുണ്ടായിരുന്നു. എന്നാൽ നിശ്ചയമായി, ഉറപ്പോടെ സമ്മതിച്ചത് ഒന്നേയുള്ളായിരുന്നു. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു." ദമസ്ക്കോസിന്റെ പടിവാതിക്കൽവെച്ച് കണ്ടുമുട്ടിയ കർത്താവിനെപ്പറ്റിയുള്ള അറിവ്, അത് ബുദ്ധിപരമായി മാത്രം ഒതുങ്ങിയ ഒരറവായിരുന്നില്ല. യേശു ദൈവപുത്രനാണെന്ന തിരിച്ചറിവ്, അന്നുമുതൽ അവന്റെ ജീവിതത്തിൽ അനുഭവിക്കുവാനും ആസ്വദിക്കുവാനും തുടങ്ങി. നിത്യജീവൻ നല്കുന്ന ഏക സത്യദൈവത്തെ അവൻ അറിഞ്ഞു. പാപം മൂലം ദൈവജീവൻ നഷ്ടപ്പെട്ടവർക്ക് നിത്യജീവൻ തരാൻ ക്രിസ്തു മാത്രമേയുള്ളു എന്നത് സത്യവും വ്യക്തവുമായ അറിവാകുന്നു. ജീവിതത്തിൽ സമ്പൂർണ്ണമായ രൂപാന്തരം വരുത്തുവാൻ യേശുവിനു മാത്രമേ കഴിയുകയുള്ളു. മാറാത്ത സത്യമായി അറിയുന്ന പൂർണ്ണമായ അറിവിലേക്ക് ദിനം തോറും അവൻ നമ്മെ നയിക്കും. ഈ അറിവ് നാം മനസ്സിലാക്കിയതും ഏറ്റെടുത്തതുമാകാം. എന്നാൽ അറിവ് നമുക്ക് ആസ്വദിക്കുവാനും, അനുഭവിക്കുവാനും ഓരോ നിമിഷവും ഇടയാകണം.

ബുദ്ധിമണ്ഡലത്തിൽ മാത്രം ഒതുങ്ങുന്ന യേശു എന്നറിവല്ല മറിച്ച് നിത്യജീവൻ തന്നവനായ യേശു. ഞാൻ ആരെ വിശ്വസിക്കുന്നു എന്ന് അറിയുന്നു എന്ന ഉറപ്പോടെ പറയുവാൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. എണ്ണമില്ലാത്ത വിശ്വാസികൾ ഇന്ന് ആരാധിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന യേശുവിനെ ഇന്നറിയുന്നുവോ എന്നു ചോദിച്ചാൽ ലഭിക്കുന്ന ജീവിതത്തിന്റെ സാക്ഷ്യം അഥവാ ഫലം ഖേദകരമാണ്. നമുക്ക് ഉറപ്പാക്കിതന്ന നിത്യ ജീവനും പാപമോചനവും എന്ന അറിവ്, ദിനംതോറും ക്രിസ്തുവുമായുള്ള ബന്ധത്തിലും, സഖിത്വത്തിലും ജീവിക്കുവാൻ നമ്മെ സഹായിക്കണം. അതു മാറ്റമില്ലാത്തതും അറിയേണ്ടതുമായ ഏക സത്യം ആകുന്നു. ഏകസത്യ ദൈവത്തെയും,

അവന്റെ പുത്രനായ യേശു എന്ന സത്യവും മാത്രം അറിയുവാനും, സ്വതന്ത്രമാക്കപ്പെട്ട സത്യത്തിൽ ദിനംതോറും ജീവിക്കുവാനും നമ്മെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ജീവിക്കാം.

**പരാമർശം :**

**യോഹന്നാൻ 14:6**

യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 053**